പഠനം

റാശിദുൽ ഗനൂശി

സ്ത്രീ: ഖുർആനിലും മുസ്‌ലിം ജീവിതത്തിലും - 3

# 'ആണ് പെണ്ണിനെപ്പോലെയല്ലല്ലോ'

**ഘനാന്ധകാരത്തിന്റെ നീണ്ട നൂറ്റാണ്ടുകൾ അവരുടെ മേൽ കെട്ടിവരിഞ്ഞ ചങ്ങലകളെയും ബന്ധങ്ങളെയും ഇസ്‌ലാം പൊട്ടിച്ചെറിഞ്ഞു. ധ്യാനത്തിന്റെയും സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും പോരാട്ടങ്ങളുടെയും മറ്റുമായ വ്യത്യസ്ത മേഖലകളിൽ ഖുർആനും നബിചര്യയും സ്ത്രീകളെ മാതൃകാ വ്യക്തിത്വങ്ങളായി ഉദാഹരിക്കുന്നു എന്നതാണ് അവർക്ക് നൽകിയ ആദരത്തിന്റെ മറ്റൊരു തെളിവ്. ഇങ്ങനെ ധ്യാനത്തിന്റെയും ആത്മീയതയുടെയും മണ്ഡലങ്ങളിൽ ഖുർആനും നബിചര്യയും ഏറ്റവും കൂടുതൽ ഉയർത്തിക്കാട്ടുന്ന സ്ത്രീ മാതൃകാ വ്യക്തിത്വം ഒരു പക്ഷേ മർയം ആയിരിക്കും.**

*ഓർക്കുക: ഇംറാന്റെ ഭാര്യ ഇങ്ങനെ പ്രാർഥിച്ച സന്ദർഭം: "എന്റെ നാഥാ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിന്റെ സേവനത്തിനായി സമർപ്പിക്കാൻ ഞാൻ നേർച്ചയാക്കിയിരിക്കുന്നു; എന്നിൽനിന്ന് നീയിത് സ്വീകരിക്കേണമേ. നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ."*

*അങ്ങനെ ആ കുഞ്ഞിനെ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: "എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞിനെയാണ്. - അവൾ പ്രസവിച്ചത് ആരെയെന്ന് നന്നായറിയുന്നവനാണ് അല്ലാഹു- ആണ് പെണ്ണിനെപ്പോലെയല്ലല്ലോ. ആ കുഞ്ഞിന് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. അവളെയും അവളുടെ സന്താന പരമ്പരകളെയും ശപിക്കപ്പെട്ട പിശാചിൽനിന്ന് രക്ഷിക്കാനായി ഞാനിതാ നിന്നിലഭയം തേടുന്നു."*

*അങ്ങനെ അവളുടെ നാഥൻ അവളെ (മർയമിനെ) നല്ല നിലയിൽ സ്വീകരിച്ചു. മെച്ചപ്പെട്ട രീതിയിൽ വളർത്തിക്കൊണ്ടുവന്നു. സകരിയ്യായെ അവളുടെ സംരക്ഷകനാക്കി. സകരിയ്യാ മിഹ്റാബിൽ അവളുടെ അടുത്ത് ചെന്നപ്പോഴെല്ലാം അവൾക്കരികെ ആഹാരപദാർഥങ്ങൾ കാണാറുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ചോദിച്ചു: "മർയം, നിനക്ക് എവിടെ നിന്നാണിത് കിട്ടുന്നത്?" അവൾ അറിയിച്ചു: "ഇത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അല്ലാഹു അവനിഛിക്കുന്നവർക്ക് കണക്കില്ലാതെ കൊടുക്കുന്നു" (ആലുഇംറാൻ 35-37).*

*** *** ***

*മലക്കുകൾ പറഞ്ഞതോർക്കുക: "മർയം, അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധരും ലോകത്തിലെ മറ്റേത് സ്ത്രീകളെക്കാളും വിശിഷ്ടയുമാക്കിയിരിക്കുന്നു" (ആലുഇംറാൻ 42).*

*** *** ***

സ്വതന്ത്രരും ചുമതലാബോധമുള്ളവരുമായ മനുഷ്യ സൃഷ്ടികളായി സ്ത്രീകളെ വിശേഷിപ്പിച്ചു എന്നത് ഇസ്‌ലാം സ്ത്രീത്വത്തിന് നൽകിയ ആദരത്തിന്റെ തെളിവാണ്. ഘനാന്ധകാ

രത്തിന്റെ നീണ്ട നൂറ്റാണ്ടുകൾ അവരുടെ മേൽ കെട്ടിവരിഞ്ഞ ചങ്ങലകളെയും ബന്ധങ്ങളെയും ഇസ്‌ലാം പൊട്ടിച്ചെറിഞ്ഞു. ധ്യാനത്തിന്റെയും സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും പോരാട്ടങ്ങളുടെയും മറ്റുമായ വ്യത്യസ്ത മേഖലകളിൽ ഖുർആനും നബിചര്യയും സ്ത്രീകളെ മാതൃകാ വ്യക്തിത്വങ്ങളായി ഉദാഹരിക്കുന്നു എന്നതാണ് അവർക്ക് നൽകിയ ആദരവിന്റെ മറ്റൊരു തെളിവ്. ഇങ്ങനെ ധ്യാനത്തിന്റെയും ആത്മീയതയുടെയും മണ്ഡലങ്ങളിൽ ഖുർആനും നബിചര്യയും ഏറ്റവും കൂടുതൽ ഉയർത്തിക്കാട്ടുന്ന സ്ത്രീ മാതൃകാ വ്യക്തിത്വം ഒരു പക്ഷേ മർയം ആയിരിക്കും. കാലദേശങ്ങൾക്കതീതമായി മൊത്തം സ്ത്രീസമൂഹത്തിൽനിന്ന് അല്ലാഹു മർയമിനെ പ്രത്യേകം തെരഞ്ഞെടുക്കുകയായിരുന്നു. "മർയം, അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധയും ലോകത്തിലെ മറ്റേത് സ്ത്രീകളെക്കാളും വിശിഷ്ടയുമാക്കിയിരിക്കുന്നു."

നബി(സ) പറഞ്ഞു: 'സ്വർഗത്തിലെ സ്ത്രീകളുടെ നേതാവാണ് മർയം.' അവളുടെ ഭക്തിയും ധ്യാനവും ജീവിത വിശുദ്ധിയും കണ്ട് സ്വന്തം നാട്ടുകാർ അവളെ 'ഹാറൂന്റെ സഹോദരി' എന്നാണ് വിളിച്ചത്. യഥാർഥത്തിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ ജീവിച്ചവരായിരുന്നു ഹാറൂനും മർയമും. ആത്മീയ തലത്തിലുള്ളത് മാത്രമായിരുന്നു അവർക്കിടയിലെ ബന്ധുത്വം. ധ്യാനനിരതയായ ഈ യുവതിയെ ഹാറൂൻ നബിയുമായി സാദൃശ്യപ്പെടുത്തുന്നതും ഇതേ കാരണത്താൽ തന്നെ. ധ്യാനത്തിലും ജീവിത വിശുദ്ധിയിലും ഇസ്രയേൽ സന്താനപരമ്പരകളിൽ ധാരാളമായി ഉദാഹരിക്കപ്പെടുമായിരുന്നു ഹാറൂൻ നബി.

മർയം വളർന്നു വലുതായപ്പോൾ, മനുഷ്യ പ്രജനന ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം സംഭവിച്ചതും അവളിലൂടെ തന്നെയായിരുന്നു. അതിനോട് കിടപിടിക്കുന്നതായി ആദ്യ മനുഷ്യന്റെ സൃഷ്ടിപ്പ് മാത്രമേ ചരിത്രത്തിൽ ഉള്ളൂ.

"അല്ലാഹുവിങ്കൽ ഈസയുടെ ഉദാഹരണം ആദമിനെപ്പോലെയാകുന്നു. അവൻ ആദമിനെ മണ്ണിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ടതിനോട് പറഞ്ഞു, ഉണ്ടാവുക. അപ്പോഴദ്ദേഹം ഉണ്ടായി" (*ആലുഇംറാൻ* 59).

പ്രാർഥനാലയത്തിൽ സദാ ധ്യാനനിരതയും ജീവിതത്തിൽ പരമ പരിശുദ്ധയും ദൈവഭക്തിയുടെ മിഹ്റാബിൽ ഒരു പ്രവാചകന്റെ ശിക്ഷണത്തിൽ വളരുന്നവളുമായ മർയമിന് താൻ ഗർഭം ധരിച്ചിരിക്കുന്നു എന്ന വിവരം ഭീകരമായ ഒരു പരീക്ഷണം തന്നെയായിരുന്നു. "ഹാ കഷ്ടം! ഇതിന് മുമ്പ് തന്നെ ഞാൻ മരിക്കുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ" (*മർയം* 23). അതുവഴി യഥാർഥത്തിൽ മർയമിന്റെ മാതാവിന്റെ വലിയൊരു ആഗ്രഹമാണ് സാക്ഷാൽകരിക്കപ്പെട്ടത്; അതും ആ മാതാവ് ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത തരത്തിൽ. പ്രാർഥനാലയത്തിലെ കേവലം ഒരു ഭജനക്കാരന്റെ മാതാവായിത്തീരുകയായിരുന്നില്ല അവൾ. മറിച്ച് മാനുഷ്യകത്തിന്റെ ഏറ്റവും വലിയ വഴികാട്ടികളിലൊരാളുടെ മാതാവായിത്തീരുകയായിരുന്നു.

മർയമിന്റെ ജനനം അവളുടെ മാതാവിന് എല്ലാ നിലക്കും ഒരു വലിയ അവിചാരിത സംഭവമായിരുന്നു. ജനിച്ചത് പെൺകുട്ടിയായതിനാൽ മാതാവിന് ശരിക്കും ഇഷ്ടക്കേട് തോന്നി. അതിന് കാരണവുമുണ്ട്. പ്രായം വളരെയേറെ ചെന്ന സദ്‌വൃത്തയായ ഈ സ്ത്രീക്ക് സന്താനസൗഭാഗ്യമുണ്ടായിരുന്നില്ല. അപ്പോഴവർ ഒരു നേർച്ച നേർന്നു. തനിക്കൊരു കുഞ്ഞ് പിറന്നാൽ അവനെ പ്രാർഥനാലയത്തിൽ സേവനം ചെയ്യുന്നതിന് മാത്രമായി ഒഴിഞ്ഞുവെക്കും. മറ്റൊരു ഭൗതിക വൃത്തികളിലും അവനെ ഏർപ്പെടുത്തുകയില്ല. തുടർന്നാണ് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു എന്ന സന്തോഷവാർത്ത കിട്ടുന്നത്. സ്വാഭാവികമായും മാതാവ് കരുതി, അത് ആൺകുഞ്ഞായിരിക്കുമെന്ന്. ജനിച്ചപ്പോൾ പെൺകുഞ്ഞ്. തന്റെ നേർച്ച പൂർത്തിയാക്കാൻ കഴിഞ്ഞില്ലല്ലോ എന്നതിൽ അവൾക്ക് കടുത്ത ദുഃഖവും വ്യസനവും ഉണ്ടായി. അതവൾ പ്രകടിപ്പിക്കുകയും ചെയ്തു.

"അങ്ങനെ ആ കുഞ്ഞിനെ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: "എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞിനെയാണ് - അവൾ പ്രസവിച്ചത് ആരെയെന്ന് നന്നായി അറിയുന്നവനാണ് അല്ലാഹു - ആണ് പെണ്ണിനെപ്പോലെയല്ലല്ലോ. ആ കുഞ്ഞിന് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. അവളെയും അവളുടെ സന്താന പരമ്പരകളെയും ശപിക്കപ്പെട്ട പിശാചിൽനിന്ന് രക്ഷിക്കാനായി ഞാനിതാ നിന്നിലഭയം തേടുന്നു" (*ആലുഇംറാൻ* 36).

മിക്ക മുസ്‌ലിം ചിന്തകന്മാരും 'ആണ് പെണ്ണിനെപ്പോലെയല്ല' എന്ന സൂക്തഭാഗം സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത്, സ്ത്രീയേക്കാൾ പുരുഷന് മുൻഗണന നൽകിയിരിക്കുകയാണ് എന്ന് വ്യാഖ്യാനിക്കാറുണ്ട്. യഥാർഥത്തിൽ സ്ത്രീത്വത്തെ ആദരിക്കാനും മഹത്വപ്പെടുത്താനുമാണ് ഈ വാക്കുകൾ അവതരിച്ചിട്ടുള്ളത്. ദീർഘകാലം താൻ താലോലിച്ച സ്വപ്നം തകർന്നു പോയെന്ന് കരുതി ഹൃദയവ്യഥകളുമായി കഴിയുകയായിരുന്നല്ലോ ഇംറാന്റെ ഭാര്യ. പ്രാർഥനാലയത്തിൽ സേവകനായി കഴിഞ്ഞുകൂടുന്ന ഒരു പുത്രനെയായിരുന്നു അവൾ ആഗ്രഹിച്ചത്. ആ പ്രതീക്ഷകളത്രയും നിമിഷനേരം കൊണ്ട് ആവിയായിപ്പോയി. ഭജനമിരിക്കലും പ്രാർഥനാലയത്തിൽ സേവനം ചെയ്യലും പൊതുവെ പുരുഷന്മാർക്ക് പറഞ്ഞിട്ടുള്ളതാണല്ലോ. പിന്നെ ഒരു പെൺകുഞ്ഞ് ഉണ്ടായതു കൊണ്ട് എന്ത് കാര്യം! 'ഞാൻ പെൺകുഞ്ഞിനെയാണല്ലോ പ്രസവിച്ചത്' എന്നവൾ ആവലാതിപ്പെടുന്നതിൽ നാം കാണുന്നത് പ്രതീക്ഷകൾ തകർന്നതിലുള്ള വേദനയാണ്. അവൾ പ്രസവിച്ചത് പെൺകുഞ്ഞാണെന്നത് അല്ലാഹുവിന് അറിയാത്ത കാര്യമല്ലല്ലോ. അതുകൊണ്ടാണ് തൊട്ടുടനെ 'അവൾ പ്രസവിച്ചത് ആരെയെന്ന് അല്ലാഹുവിനാണ് നന്നായി അറിയുക' എന്ന് പറഞ്ഞത്. അതായത്, അവൾ പ്രസവിച്ച കുഞ്ഞിന്റെ മൂല്യവും പ്രാധാന്യവും അല്ലാഹുവിനാണ് അറിയുക. അവൾക്കത് അറിയില്ല. അവൾക്കത് അറിയുമായിരുന്നെങ്കിൽ, എന്താണോ അവൾ ഉദ്ദേശിച്ച മഹദ്കൃത്യം അത് ഏറ്റവും തൃപ്തികരമായും

**പെൺകുഞ്ഞിനെ കൊണ്ട് അല്ലാഹു ഉദ്ദേശിച്ച കാര്യം മാതാവ് അറിഞ്ഞിരുന്നെങ്കിൽ ദുഃഖിക്കാനോ സങ്കടപ്പെടാനോ ഇടവരില്ലായിരുന്നു. അതായത് അവൾ ആവശ്യപ്പെട്ട ആൺകുട്ടിയെപ്പോലെയല്ല അവൾക്ക് നൽകപ്പെട്ട പെൺകുട്ടി. ഏതൊരു ആൺകുട്ടിയിൽ നിന്നും പ്രതീക്ഷിക്കാവുന്നതിലേക്കാളേറെ നന്മ ഈ പെൺകുട്ടിയിൽനിന്ന് ഉണ്ടാവും.**

മികവാർന്നും നിർവഹിക്കാൻ ഈ പെൺകുഞ്ഞിന് കഴിയുമെന്ന് അവൾക്ക് ബോധ്യപ്പെടുമായിരുന്നു. ഈ പെൺകുഞ്ഞിനെ കൊണ്ട് അല്ലാഹു ഉദ്ദേശിച്ച കാര്യം മാതാവ് അറിഞ്ഞിരുന്നെങ്കിൽ ദുഃഖിക്കാനോ സങ്കടപ്പെടാനോ ഇടവരില്ലായിരുന്നു എന്നർഥം. അതായത് അവൾ ആവശ്യപ്പെട്ട ആൺകുട്ടിയെപ്പോലെയല്ല അവൾക്ക് നൽകപ്പെട്ട പെൺകുട്ടി. ഏതൊരു ആൺകുട്ടിയിൽനിന്നും പ്രതീക്ഷിക്കാവുന്നതിലേക്കാളേറെ നന്മ ഈ പെൺകുട്ടിയിൽനിന്ന് ഉണ്ടാവും.

ഈ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് 'കശ്ശാഫി'ന്റെ കർത്താവ് എഴുതുന്നു: എന്തുകൊണ്ടാണ് ഞാൻ പ്രസവിച്ചത് പെൺകുഞ്ഞാണല്ലോ എന്ന് അവൾ പറഞ്ഞത്, ഇങ്ങനെയൊരു വിവരം അല്ലാഹുവിനെ അറിയിക്കേണ്ട കാര്യമെന്തുണ്ട് എന്നാണ് ചോദ്യമെങ്കിൽ എന്റെ ഉത്തരം ഇതാണ്: തന്റെ പ്രതീക്ഷകൾ തകർന്നതിലും കണക്കുകൂട്ടലുകൾ പിഴച്ചതിലുമുള്ള നിരാശയും സങ്കടവുമാണ് ആ വാക്കുകളിൽ. താൻ പ്രതീക്ഷിച്ചതും കണക്കുകൂട്ടിയതും പ്രാർഥനാലയത്തിലേക്ക് നേർച്ചയാക്കാൻ പറ്റുന്ന ഒരാൺകുട്ടിയെ ആയിരുന്നല്ലോ എന്ന വ്യസനം അറിയിക്കുകയാണ്. 'അവൾ പ്രസവിച്ചത് ആരെയെന്ന് അല്ലാഹുവിനാണ് നന്നായി അറിയുക' എന്ന വാക്യത്തിലൂടെ വിഷയത്തിന്റെ ഗൗരവവും മഹത്വവും വെളിപ്പെടുത്തുകയാണ്. "നീ ആവശ്യപ്പെട്ട ആൺകുട്ടിയെപ്പോലെയല്ല നിനക്ക് നൽകപ്പെട്ട പെൺകുട്ടി. നീ ആവശ്യപ്പെട്ട ആൺകുട്ടിയെക്കാൾ ഔന്നത്യമുള്ള ഒരു പെൺകുട്ടിയെയാണല്ലോ നൽകിയത്. പിന്നെ നീ എന്തിന് സങ്കടപ്പെടണം! ഈ നവജാതയെക്കുറിച്ചുള്ള നിന്റെ അറിവില്ലായ്മയാണ് എല്ലാ ദുഃഖങ്ങൾക്കും ഹേതു. ഈ പെൺകുഞ്ഞിൽ ഒളിഞ്ഞിരിക്കുന്ന അമാനുഷികതകളും അത്ഭുതങ്ങളും രഹസ്യങ്ങളും അതുവഴി മനുഷ്യ മനസ്സിലും മൊത്തം മനുഷ്യകുലത്തിലും ഉണ്ടാകാനിരിക്കുന്ന മാറ്റങ്ങളും നീ കണ്ടിരുന്നെങ്കിൽ..." ഇതേ ആശയമാണ് അല്ലാഹു മറ്റൊരിടത്ത് ഇങ്ങനെ രേഖപ്പെടുത്തുന്നത്: "ഗുണകരമായ ഒരു കാര്യം നിങ്ങൾക്ക് അനിഷ്ടകരമായേക്കാം. ദോഷകരമായത് ഇഷ്ടകരവുമായേക്കാം. അല്ലാഹു അറിയുന്നു, നിങ്ങളോ അറിയുന്നുമില്ല" (*അൽബഖറ* 216).

അതിനാൽ ദൈവ മാർഗത്തിൽ സഞ്ചരിക്കുന്ന ഒരാളും സങ്കടപ്പെടേണ്ട കാര്യമില്ല. "നിങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുന്നതിനുവേണ്ടി" (*അൽഹദീദ്* 23). അല്ലാഹു എന്ത് ചെയ്യുന്നുവോ അതെല്ലാം അന്തിമ നിർണയത്തിൽ ഏറ്റവും മികച്ചതായിരുന്നു എന്ന് ബോധ്യപ്പെടും.

**തന്റെ സമൂഹം ആപതിച്ച്കിടക്കുന്ന എല്ലാ മാലിന്യങ്ങളിൽനിന്നും അല്ലാഹു മർയമിനെ ശുദ്ധി ചെയ്തെടുക്കുകയായിരുന്നു. സമൂഹം തൊടുത്തുവിട്ട സകലവിധ ആരോപണങ്ങളിൽനിന്നും അവളെ കുറ്റവിമുക്തയാക്കുകയും ചെയ്തു. 'ഉണ്ടാവുക' എന്ന രക്ഷിതാവിന്റെ നേരിട്ടുള്ള കൽപന ഏറ്റുവാങ്ങാൻ മർയമിനെ സജ്ജയാക്കുകയായിരുന്നു ഇതുവഴി.**

അല്ലാഹുവുമായുള്ള ഈ സംഭാഷണം കഴിഞ്ഞതോടെ മർയമിന്റെ മാതാവിന് അല്ലാഹു കണക്കാക്കിയതിൽ എന്തെന്നില്ലാത്ത ആത്മശാന്തിയും തൃപ്തിയും അനുഭവപ്പെട്ടു. നവജാതക്ക് അവൾ മർയം എന്ന് പേരിട്ടു. ഭജനമിരിക്കുന്നവൾ എന്നാണ് ആ വാക്കിന്റെ അർഥം. തന്റെ കുഞ്ഞിനും അവളുടെ സന്തതി പരമ്പരകൾക്കും കാവലായിരിക്കേണമേ എന്നും ആ മാതാവ് പ്രാർഥിച്ചു. ഈ പ്രാർഥനക്ക് ഉത്തരമായി, തന്റെ അടുത്ത ബന്ധുക്കളിലൊരാളായ സകരിയ്യ പ്രവാചകനാണ് പ്രാർഥനാലയത്തിൽ മർയമിന്റെ സംരക്ഷണം ഏറ്റെടുത്തത്. പ്രാർഥനാലയത്തിലെ പ്രധാന ഗുരുവര്യന്മാർ അവളുടെ സംരക്ഷണം തങ്ങൾ ഏറ്റെടുക്കാമെന്ന് വാദിച്ചു നോക്കിയിരുന്നു. മർയമിന്റെ ജീവിത വിശുദ്ധിയുടെയും ഭക്തിയുടെയും അവൾക്ക് ദിവ്യസംരക്ഷണമുണ്ട് എന്നതിന്റെയും അത്ഭുതകരമായ തെളിവുകൾ അവളുടെ കൈയാലെത്തന്നെ വെളിപ്പെട്ടുകൊണ്ടിരുന്നു. അവൾക്ക് ചുറ്റും പലതരം വിഭവങ്ങൾ കുമിഞ്ഞുകൂടി. ഇതൊക്കെ എവിടെനിന്ന് എന്ന് അവളുടെ സംരക്ഷണം ഏറ്റെടുത്ത സകരിയ്യാ പ്രവാചകൻ അത്ഭുതം കൂറി. അവൾ പറഞ്ഞു, എല്ലാം അല്ലാഹു നൽകുന്നതാണ് (*ആലുഇംറാൻ* 37).

വൃദ്ധനായിക്കഴിഞ്ഞ സകരിയ്യാ പ്രവാചകൻ തന്നെ ആശ്വസിപ്പിക്കാനും തന്റെ തലമുറ നിലനിർത്താനും ഒരു സന്താനമുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ച സന്ദർഭം. അപ്പോഴേക്കും മർയം വിശ്വാസപരിപൂർത്തി കൈവരിച്ചവളും സത്യവതി (സ്വിദ്ദീഖഃ) എന്ന ഗുണവിശേഷത്തിന് ഉടമയും ആയിക്കഴിഞ്ഞിരുന്നു. ഹവ്വാ മുതൽ ലോകാന്ത്യം വരെയുള്ള സ്ത്രീകളുടെ നേതാവായി മർയമിനെ തെരഞ്ഞെടുത്ത സന്തോഷവൃത്താന്തം മലക്കുകൾ അറിയിക്കുകയും ചെയ്തു.[1]

തന്റെ സമൂഹം ആപതിച്ച്കിടക്കുന്ന എല്ലാ മാലിന്യങ്ങളിൽനിന്നും അല്ലാഹു മർയമിനെ ശുദ്ധി ചെയ്തെടുക്കുകയായിരുന്നു. സമൂഹം തൊടുത്തുവിട്ട സകലവിധ ആരോപണങ്ങളിൽനിന്നും അവളെ കുറ്റവിമുക്തയാക്കുകയും ചെയ്തു. 'ഉണ്ടാവുക' എന്ന രക്ഷിതാവിന്റെ നേരിട്ടുള്ള കൽപന ഏറ്റുവാങ്ങാൻ മർയമിനെ സജ്ജയാക്കുകയായിരുന്നു ഇതുവഴി. ആദ്യ മനുഷ്യൻ സൃഷ്ടിക്കപ്പെട്ട മണ്ണ് ഏറ്റുവാങ്ങിയതും ഇതേ നേരിട്ടുള്ള കൽപനയായിരുന്നല്ലോ.

"അല്ലാഹുവിന്റെ അടുത്ത് ഈസായുടെ ഉപമ ആദമിന്റേതു പോലെയാണ്. അല്ലാഹു ആദമിനെ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അതിനോട് 'ഉണ്ടാവുക' എന്ന് കൽപിച്ചു. അപ്പോഴതാ അദ്ദേഹം (ആദം) ഉണ്ടാകുന്നു."

വരാനിരിക്കുന്ന കൊടും പരീക്ഷണത്തെ അതിജീവിക്കാനുള്ള മനോബലവും ത്രാണിയും അവൾക്ക് ഉണ്ടാകുന്നതിനുവേണ്ടി ദീർഘസമയം പ്രാർഥനാനിരതയായി കഴിച്ചുകൂട്ടാൻ അല്ലാഹു അവൾക്ക് ദിവ്യബോധനം നൽകുന്നുണ്ട്. പ്രാർഥനാലയത്തിലെ പ്രാർഥനാവേദി(മിഹ്റാബ്)യിൽ അവൾ സദാ സമയവും ഉണ്ടായിരുന്നുവല്ലോ.[2] അല്ലാഹുവിന്റെ വചനങ്ങൾ ഏറ്റുവാങ്ങിയ എല്ലാ പ്രവാചകന്മാർക്കും ഇങ്ങനെയൊരു തയാറെടുക്കൽ പ്രക്രിയ അല്ലാഹുവിന്റെ മേൽനോട്ടത്തിൽ നടന്നിരുന്നു. "മൂടിപ്പുതച്ചവനേ, രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുക, കുറച്ചു നേരമൊഴികെ. അതായത് രാവിന്റെ പാതി. അല്ലെങ്കിൽ അതിൽ അൽപം കുറക്കുക. അല്ലെങ്കിൽ അൽപം വർധിപ്പിക്കുക. ഖുർആൻ നിർത്തി നിർത്തി സാവധാനം പാരായണം ചെയ്യുക" (*അൽ മുസ്സമ്മിൽ* 1-4).

ഇങ്ങനെയാണ് അല്ലാഹുവിന്റെ വചനമായ ഈസായെ ഗർഭം ധരിക്കുക എന്ന മഹാസംഭവത്തിന് മർയം ഒരുക്ക

> **ഈസാ ദൈവപുത്രനല്ല എന്ന് സ്ഥാപിക്കാൻ മാത്രമല്ല മർയമിന്റെ പുത്രൻ എന്ന് പറയുന്നത്. ക്രിയാത്മകമായ ഒരു വശവും ആ പ്രയോഗത്തിനുണ്ട്. മർയമിന് നൽകുന്ന ആദരമത്രെ അത്. അത് എല്ലാ സ്ത്രീകൾക്കും നൽകുന്ന ആദരമാണ്. പ്രാർഥനാലയം പോലുള്ള വിശുദ്ധ സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനമില്ലെന്നും അത് പുരുഷന്മാർക്ക് സ്വന്തമാണെന്നുമുള്ള ധാരണയാണ് മർയം തിരുത്തിയത്.**

പ്പെട്ടത്. സമൂഹം എയ്തുവിടുന്ന സകലവിധ ആരോപണങ്ങളെയും നേരിടാനുള്ള ഈമാനിക കരുത്തും വ്യക്തിത്വ പ്രഭാവവും മർയമിന് ഉണ്ടായിരുന്നു. ജീവിത വിശുദ്ധിയിലും മഹത്വത്തിലും ഒരു സ്ത്രീക്ക് എത്തിച്ചേരാവുന്നതിൽ വെച്ച് ഏറ്റവും ഉയരത്തിലാണല്ലോ അവൾ നിലയുറപ്പിച്ചിരുന്നത്.

അതേസമയം വളരെ ക്ഷമയോടെ, അതീവ ശ്രദ്ധയോടെ അവൾ തന്റെ മകനെ ശിക്ഷണം നൽകി വളർത്തിക്കൊണ്ടുവന്നു. സമൂഹം അകപ്പെട്ട സകലവിധ മാലിന്യങ്ങളിൽനിന്നും അവരെ രക്ഷിച്ചെടുക്കേണ്ട ചുമതലയുണ്ടല്ലോ ആ മകന്. ഖുർആനിൽ ഈസായെയും മാതാവായ മർയമിനെയും തുടർച്ചയായി ചേർത്തിപ്പറയുന്നത് കൊണ്ടുള്ള ഏക ഉദ്ദേശ്യം കേവലം നിഷേധാത്മകമാണെന്ന് ധരിക്കരുത്. അതായത് ഈസാ ദൈവപുത്രനല്ല എന്ന് സ്ഥാപിക്കാൻ മാത്രമല്ല മർയമിന്റെ പുത്രൻ എന്ന് പറയുന്നത്. ക്രിയാത്മകമായ ഒരു വശവും ആ പ്രയോഗത്തിനുണ്ട്. മർയമിന് നൽകുന്ന ആദരമത്രെ അത്. അത് എല്ലാ സ്ത്രീകൾക്കും നൽകുന്ന ആദരമാണ്. പ്രാർഥനാലയം പോലുള്ള വിശുദ്ധ സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനമില്ലെന്നും അത് പുരുഷന്മാർക്ക് സ്വന്തമാണെന്നുമുള്ള ധാരണയാണ് മർയം തിരുത്തിയത്.[3] സ്ത്രീകൾ മാലിന്യം കണക്കെയാണ് വിശുദ്ധ സ്ഥലങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെട്ടിരുന്നത്. ഈയൊരു സാമൂഹിക ചുറ്റുപാടിൽ മലക്കുകൾ മർയമിനോട് സംസാരിച്ചതും അവൾക്ക് ദൈവിക വെളിപാട് ലഭിച്ചതും അവൾക്കുള്ള ആദരം തന്നെയാണ്, തീർച്ച. ആദിമനുഷ്യനെ സൃഷ്ടിച്ച കളി മണ്ണിനോട് പറഞ്ഞ അതേ സൃഷ്ടി വാക്യമാണ് മർയമിനോടും പറയുന്നത്; *കുൻ*-ഉണ്ടാവുക എന്ന്. ആ വാക്യത്താലാണ് മർയമിന്റെ ഗർഭപാത്രത്തിൽ ഈസാ സൃഷ്ടിക്കപ്പെടുന്നത്. ഒറ്റക്ക് മകന് ശിക്ഷണം കൊടുക്കുകയും ആ മകനെ ലോക ചരിത്രത്തിലെ ഏറ്റവും മനോദാർഢ്യമുള്ള അഞ്ച് പ്രവാചകന്മാരിലൊരാളായി വളർത്തിയെടുക്കുകയും ചെയ്തതിന്റെ മഹത്വവും മർയമിന് തന്നെയല്ലേ?

ചുരുക്കത്തിൽ അവളിലേക്ക് ചേർത്ത് ഈസായെ പറഞ്ഞുവെന്നത് സ്ത്രീക്ക് നൽകുന്ന ആദരവിനെയാണ് കുറിക്കുന്നത്. സാധാരണ പുരുഷന്മാരിലേക്ക് ചേർത്താണല്ലോ ആളുകൾ അറിയപ്പെടാറ്. മർയമിന്റെ പുത്രൻ എന്ന് പറയുന്നതിൽ ഒരു വിമ്മിട്ടവും എവിടെയും കാണുന്നുമില്ല. ■

(തുടരും)

1. *തഫ്സീർ അൽ മനാർ* 3/300
2. *അൽജാമിഅ ലി അഹ്കാമിൽ ഖുർആൻ* 2/83
3. മുഹമ്മദ് നബിയുടെ കാലത്ത് പള്ളി ശുദ്ധീകരണത്തിൽ സ്ത്രീ പങ്കാളിത്തമുണ്ടായിരുന്നു.